# അനാവശ്യവിവാദങ്ങൾക്ക് ഇട നല്കാതെ, കൂടുതൽ ക്രിയാത്മകമായി പ്രവർത്തിക്കുവാൻ ഇനിയും സംസ്ഥാനസർക്കാരിനു കഴിയട്ടെ

എല്ലാവിഭാഗങ്ങൾക്കും തുല്യനീതി ഉറപ്പുവരുത്തുന്ന അഴിമതിരഹിതഭരണമാണ് പുതിയ സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നത് എന്ന നിലപാടായിരുന്നു സംസ്ഥാനഗവണ്മെന്റ് അധികാരമേറ്റവേളയിൽ ജനങ്ങൾക്കുണ്ടായിരുന്നത്. കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണിക്ക് അനുകൂലമായി ജനം വിധിയെഴുതിയതിന്റെ ഫലമായിട്ടാണ് ഇടതുജനാധിപത്യമുന്നണിയുടെ 19 അംഗ മന്ത്രിസഭ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്.

മൃഗീയഭൂരിപക്ഷം എന്നു പറയാനാവില്ലെങ്കിലും ഭരണത്തിന്റെ കെട്ടുറപ്പിന് ആവശ്യമായ ഭൂരിപക്ഷത്തോടുകൂടിയ ഒരു സർക്കാരിനെ തിരഞ്ഞെടുക്കാൻ ജനങ്ങൾക്ക് കഴിഞ്ഞു എന്നതാണ് യാഥാർത്ഥ്യം.

അഴിമതിക്കും വർഗ്ഗീയതയ്ക്കുമെതിരായുള്ള ഇടതുപക്ഷത്തിന്റെ ശക്തമായ നിലപാടിന് അനുകൂലമായിട്ടാണ് ജനം വിധിയെഴുതിയത്.

മതേതരത്വം സംരക്ഷിച്ചുകൊണ്ടുള്ള ഒരു ജനാധിപത്യഭരണമാണ് ജനങ്ങൾ ഈ ഗവണ്മെന്റിൽ നിന്നും പ്രതീക്ഷിച്ചത്. അതിനായി, അഴിമതിരഹിതവും അക്രമരഹിതവും എല്ലാവിഭാഗങ്ങൾക്കും തുല്യനീതി ലഭ്യമാക്കുന്നതുമായ ഒരു ഭരണം കാഴ്ചവയ്ക്കുവാൻ ഈ ഗവണ്മെന്റിന് കഴിയണമെന്നും ജനം ആഗ്രഹിച്ചു.

മത-സാമുദായികചേരിതിരിവുകൾക്ക് ഇടവരുത്തുന്നതും വിഭാഗീയത വളർത്തുന്നതുമായ സാഹചര്യങ്ങൾ ഒഴിവാക്കി സാമൂഹികനീതി എല്ലാവിഭാഗങ്ങൾക്കും ഒരുപോലെ ഉറപ്പുവരുത്തുന്ന കെട്ടുറപ്പുള്ള ഒരു ഭരണപക്ഷവും, ശക്തമായ പ്രതിപക്ഷവും ഉണ്ടാവണമെന്നും എല്ലാവരും ആഗ്രഹിച്ചു.

അഴിമതിനിർമ്മാർജ്ജനം ചെയ്യുന്ന കാര്യത്തിലും വർഗ്ഗീയത ഒഴിവാക്കി മതനിരപേക്ഷത നിലനിർത്തുന്ന കാര്യത്തിലും ഗവണ്മെന്റിന്റെ സമീപനം സ്വാഗതാർഹം തന്നെയാണ്. അഴിമതിരഹിതവും എല്ലാവിഭാഗങ്ങൾക്കും തുല്യനീതി ലഭ്യമാക്കുന്നതുമായ ഒരു ഭരണത്തിനുവേണ്ടിയുള്ള പരിശ്രമം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ട് എന്ന കാര്യം ആശാവഹവുമാണ്. അതോടൊപ്പം, മത-സാമുദായികചേരിതിരിവുകൾക്ക് ഇടവരുത്തുന്നതും വിഭാഗീയത വളർത്തുന്നതുമായ സാഹചര്യങ്ങൾ ഒഴിവാക്കി സാമൂഹികനീതി എല്ലാവിഭാഗങ്ങൾക്കും ഒരുപോലെ ഉറപ്പുവരുത്താനുള്ള ശ്രമവും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും കണ്ടുവരുന്നുണ്ട്. ജനോപകാരപ്രദമായ പല കാര്യങ്ങളും വിവിധ മേഖലകളിൽ നടത്തിക്കൊണ്ടുമാണിരിക്കുന്നത്. അതേസമയംതന്നെ ഇതിനെയെല്ലാം അപ്രസക്തമാക്കുന്ന രീതിയിൽ ഉള്ള വിവാദങ്ങളാണ് പല തുറകളിൽനിന്നും ഉണ്ടാകുന്നത്. അത് ഭരണത്തിന്റെ പ്രഭ കെടുത്തുന്നില്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ യാഥാർത്ഥ്യം മനസ്സിലാക്കി, മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം നിറവേറ്റിക്കൊണ്ട് അനാവശ്യവിവാദങ്ങൾക്ക് ഇടവരുത്താതെ, എല്ലാ വിഭാഗങ്ങൾക്കും തുല്യനീതി ഉറപ്പുവരുത്തുന്ന അഴിമതിരഹിതമായ ഒരു ഭരണം കാഴ്ചവയ്ക്കുവാനാണ് ഇനിയുമുള്ള കാലം സർക്കാർ ശ്രമിക്കേണ്ടത്. അതോടൊപ്പംതന്നെ, നമ്മുടെ നാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, രാഷ്ട്രീയമുതലെടുപ്പിനു ശ്രമിക്കാതെ, കുറച്ചുകൂടി ക്രിയാത്മകമായ സമീപനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടത്.

സാമൂഹികനീതിക്കും രാജ്യതാൽപര്യങ്ങൾക്കും വേണ്ടിയുള്ള നിലപാടുകൾ എൻ.എസ്.എസ്സിന് എന്നുമുണ്ടാവും. സർക്കാരുകളുടെ തെറ്റായ നയങ്ങളെ എതിർക്കുക എന്നതും, നല്ല കാര്യങ്ങളോട് സഹകരിക്കുക എന്നതും എൻ.എസ്.എസ്സിന്റെ പൊതുനയമാണ്. ഈ ഗവണ്മെന്റിനോടും അതേ നയംതന്നെയായിരിക്കും ഇനിയും തുടരുക.